അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും

57 (1020) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കാൻ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ എത്തുന്ന തൊഴിലാളികളുടെ സുരക്ഷയും മറ്റ് ക്ഷേമ പ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ;

(സി) ഇവർക്കായി ഏർപ്പെടുത്തിയ ക്ഷേമനിധിയിലൂടെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) അന്യ സംസ്ഥാനത്തുനിന്നും ഇവിടെ വന്നു പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുമ്പോൾ അവർക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഉൾപ്പെടെയുള്ള താമസസൗകര്യം കോൺട്രാക്ടറോ മുഖ്യതൊഴിലുടമയോ നൽകേണ്ടതുണ്ട്. ഇക്കാര്യം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ഉറപ്പു വരുത്താറുണ്ട്. പ്രസ്തുത സൗകര്യം നൽകിയിട്ടില്ല എന്ന് കണ്ടെത്തിയ കേസ്സുകളിൽ ടി സൗകര്യം ഏർപ്പെടുത്തുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിന് ഉത്തരവ് നൽകാറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തി തൊഴിലാളികൾക്ക് സൗജന്യമായി മരുന്നു നൽകുകയും ചെയ്തിട്ടുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം. ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഗ്രാന്റ്. അംഗങ്ങൾ 5 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥയുണ്ട്.

(ഡി) അന്യസംസ്ഥാനക്കാരായ മുഴുവൻ തൊഴിലാളികളെയും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി സത്വര നടപടി സ്വീകരിച്ചു വരുന്നു.

ബാലവേലയും ഭിക്ഷാടനവും തടയാൻ നടപടി

58 (T 1021) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടനത്തിനും ബാലവേലയ്ക്കുമായി അനധികൃതമായി കുട്ടികളെ കടത്തിക്കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ബാലവേല, ഭിക്ഷാടനം എന്നിവ പരിപൂർണ്ണമായി നിർത്തലാക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 14 വയസ്സു പൂർത്തിയാകാത്ത കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കുന്നതായി കണ്ട സന്ദർഭങ്ങളിൽ 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമപ്രകാരം തൊഴിലുടമക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ബാലവേല തടയുന്നതിനായി തൊഴിൽ വകുപ്പ് 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമം നടപ്പിലാക്കി വരുന്നു. നിയമത്തിൽ നിരോധിച്ചിട്ടുള്ള മേഖലകളിലെ ബാലവേല പരിപൂർണ്ണമായി നിർത്തലാക്കുവാൻ തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സെമിനാറുകൾ, തെരുവ് നാടകങ്ങൾ, ആകാശവാണി, അനന്തപുരി എഫ്.എം. തുടങ്ങിയ പ്രക്ഷേപണ മാധ്യമങ്ങൾ മുഖേനയുള്ള സന്ദേശം എന്നിവ വഴി ബാലവേലയ്ക്കെതിരെ പൊതുജനബോധവത്കരണവും നടത്തുന്നുണ്ട്.

ബാലവേല അവസാനിപ്പിക്കുന്നതിന് നടപടി

59 (1022) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവേല പൂർണ്ണമായി അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly